# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** — **04-07-2022 - ൽ മറുപടിയ്ക്ക്**

## വില്ലേജ് ഓഫീസുകളുടെ പുനർ നിർമ്മാണ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പുനർ നിർമ്മാണ പ്രവൃത്തി ആരംഭിച്ച വില്ലേജ് ഓഫീസുകൾ ഏതൊക്കെ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അതിയന്നൂർ വില്ലേജ് ഓഫീസിനെ 2017-2018 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും തിരുപുറം വില്ലേജ് ഓഫീസിനെ 2018-19 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും അഡീഷണൽ റൂം നിർമ്മിച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കുളത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | തിരുപുറം വില്ലേജ് ഓഫീസ് നവീകരിക്കുന്നതിനു ഏതൊക്കെ നടപടികൾ ആണ് പൂർത്തീകരിച്ചത്; പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ? | (ബി) | 2018-2019 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തിരുപുറം വില്ലേജ് ഓഫീസിന് അഡീഷണൽ റൂം നിർമ്മിച്ച് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. എന്നാൽ തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടം നിലവിൽ ചോർച്ചയുള്ളതും ബലക്ഷയമുള്ളതായി കാണപ്പെടുന്നതിനാൽ, തിരുപുറം വില്ലേജ് ഓഫീസിനെ 2022-2023 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ